# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5959 09.07.2012 – ൽ മറുപടിക്ക്**

**ഊന്നിൻമൂട് - ചിറക്കര - ഉളിയനാട് - ചാത്തന്നൂർ - നാൽക്കവല - നെടുമൺകാവ്- എഴുകോൺ റോഡ് നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം - കൊല്ലം ജില്ലകളെ ബന്ധിപ്പിക്കുന്നതും ആലപ്പുഴ ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് പ്രയോജനം ലഭിക്കുന്നതുമായ ഊന്നിൻമൂട് - ചിറക്കര - ഉളിയനാട് - ചാത്തന്നൂർ - നാൽക്കവല - നെടുമൺകാവ് - എഴുകോൺ റോഡ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിലേക്കായി അപേക്ഷ ലഭിച്ചിരുന്നുവോ ; | (എ) അപേക്ഷ ലഭിച്ചിരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രാഥമിക നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത റോഡിന്റെ നവീകരണം നബാർഡ് സഹായത്തോടെ 2012 - 2013 സാമ്പത്തിക വർഷത്തെ RIDF – X VIII പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് (ആർ. റ്റി) നമ്പർ. 714/12/പൊ.മ.വ തീയതി, 28.04.2012 പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡ് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ? | (സി) നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**